**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2899** **25-06-2024 - ൽ മറുപടിയ്ക്ക്**

**തീരപ്രദേശത്ത് ഫലവൃക്ഷത്തൈകൾ നട്ടുന്നത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കൈപ്പമംഗലം മണ്ഡലത്തിലെ കടലേറ്റവും കടൽക്ഷോഭവും മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ ഒരു പരിധിവരെ കുറയ്ക്കുന്നതിന് കടൽത്തീരങ്ങളിൽ പലവിധത്തിലുള്ള വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്ന പദ്ധതിയുടെ നിർവഹണം ധ്രുതഗതിയിൽ നടത്തുന്നതിന് ശ്രമം ഉണ്ടാകുമോ; വിശദമാക്കുമോ; | (എ) | കൈപ്പമംഗലം മണ്ഡലത്തിലെ കടലേറ്റവും കടൽക്ഷോഭവും മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ തടയുന്നതിനായി നടപ്പു സാമ്പത്തിക വർഷം പ്രസ്തുത പ്രദേശത്ത് 5000 കാറ്റാടിത്തൈകൾ ഉത്പാദിപ്പിച്ച് നട്ടുപിടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | കൈപ്പമംഗലം മണ്ഡലത്തിലെ അഴീക്കോട് മുനക്കൽ ഡോൾഫിൻ ബീച്ചിൽ മിയോ വാക്കി വനവൽക്കരണ പ്രവർത്തനവും സംരക്ഷണവും നടപ്പാക്കിയിട്ടുള്ളതുപോലെ ഏറെ പാരിസ്ഥിതിക പ്രാധാന്യമുള്ള ഇത്തരം പ്രവർത്തനം കൈപ്പമംഗലത്തിന്റെ മറ്റു തീരപ്രദേശങ്ങളിൽ കൂടി വ്യാപിപ്പിക്കാനുള്ള പദ്ധതിയുണ്ടോ വിശദമാക്കുമോ ? | (ബി) | കൈപ്പമംഗലം മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന ഏറിയാട് ഗവൺമെന്റ് ഐ.റ്റി.ഐ യിൽ മിയാവാക്കി മാതൃകയിൽ വിദ്യാവനം പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. മറ്റു തീരപ്രദേശങ്ങളിൽ കൂടി വ്യാപിപ്പിക്കുന്ന കാര്യം തത്ക്കാലം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ